**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5608** **24-03-2025 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗ ബോധവൽക്കരണവും രോഗനിർണ്ണയവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ക്യാൻസർ രോഗ ബോധവൽക്കരണവും രോഗനിർണ്ണയവും വ്യാപിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ രോഗം തുടക്കത്തിലെ കണ്ടെത്തുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനുള്ള ഒരു ബൃഹത് ക്യാമ്പയിൻ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 4 മുതൽ 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന പേരിൽ ആരംഭിച്ചിരുന്നു. കാൻസർ സ്ക്രീനിംഗിനായി ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനും കാൻസർ രോഗത്തെക്കുറിച്ചുള്ള അജ്ഞത മാറ്റുന്നതിനും കാൻസർ സ്ക്രീനിങ്ങിനുള്ള വിമുഖത കുറയ്ക്കുന്നതിനും ആരോഗ്യ സ്ഥാപനങ്ങളെ കാൻസർ രോഗം നിർണ്ണയത്തിനായി ശാക്തീകരിക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേവലം ഒരു മാസത്തെ ക്യാമ്പയിന്റെ ഫലമായി 13 ലക്ഷത്തോളം ജനങ്ങൾ സ്ക്രീനിങ്ങിന് വിധേയരാവുകയും 45,000 ത്തോളം പേർ തുടർ പരിശോധനകൾക്ക് റഫർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 120 ഓളം കേസുകളിൽ കാൻസർ സ്ഥിരീകരിച്ചു എന്നത് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ സാധൂകരിക്കുന്നതായി കാണാവുന്നതാണ് പുരുഷന്മാരുടെ കാൻസറുകൾ കൂടി ഉൾപ്പെടുത്തി ഈ പദ്ധതി വ്യാപിപ്പിക്കുന്നതോടെ കൂടുതൽ രോഗനിർണയം നടത്താൻ സാധിക്കും.<br><br>ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ക്യൻസർ സ്ക്രീനിംഗ് പരിപാടിയാണ് ആരോഗ്യം ആനന്ദം. ആദ്യ മാസത്തിൽ സ്ത്രീകളിലെ സ്തനാർബുദം, ഗർഭാശയ ക്യാൻസർ എന്നിവയ്ക്ക് പ്രാധ്യാന്യം നൽകി വരുന്നു. ആയതിന്റെ കീഴിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ സ്കാനിംഗ് ക്യാംമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതിയ രോഗികളെ പതിവിൽ കൂടുതലായി കണ്ടെത്തിയിട്ടുള്ളതു കൂടാതെ മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ |

| | | | |
|---|---|---|---|
| | | | വിഭാഗം വിവിധ സ്ഥലങ്ങളിലായി വനിതകൾക്ക് അവബോധ ക്ലാസ്സുകളും നടത്തി വരുന്നു. |
| (ബി) | ആരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിനാലും നൂതനമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാലും ക്യാൻസർ രോഗമുക്തരാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തുടക്കത്തിലെ കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന കാൻസറുകൾ നിരവധിയാണ്. വദനാർബുദം, സ്തനാർബുദം ഗർഭാശയഗളാർബുദം തുടങ്ങിയ കാൻസറുകൾ രോഗം പ്രത്യക്ഷമാകുന്നതിന് മുമ്പ് തന്നെ ലക്ഷണങ്ങൾ കാണിക്കുന്നതും കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. ശാസ്ത്രത്തിന്റെ വളർച്ചയോടൊപ്പം കാൻസർ ചികിത്സാ മേഖലയിലും ഒട്ടേറെ വിപ്ലവകരമായ ചികിത്സാരീതികളും രോഗനിർണയ ഉപാധികളും പുതിയ മരുന്നുകളും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ആരംഭത്തിൽ തന്നെ കണ്ടെത്തിയാൽ ഈ രോഗം നിശേഷം ഭേദമാക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാന ആരോഗ്യ വകുപ്പ്.<br><br>ഇത്തരത്തിൽ ക്യാൻസർ സ്ക്രീനിംഗിൽ രോഗം സംശയിക്കുന്നവരെ തുടർ പരിശോധനകൾക്കായി ഹയർ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയ തല ക്യാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർ പരിശോധനകൾക്കായി ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും സ്ക്രീനിംഗ് പരിപാടിയിൽ ഭാഗമാക്കിയിട്ടുണ്ട്. ഇത്തരം സ്ക്രീനിംഗിലൂടെ രോഗം സ്ഥിരീകരിക്കുന്നവരെ ക്യാൻസർ രോഗ തുടർചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ, ത്രിതീയ തല ക്യാൻസർ സെന്ററുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്തു ചികിത്സ ഉറപ്പാക്കുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. റേഡിയോതെറാപ്പി, ജനറൽ സർജറി, ഗൈനക്കോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വകുപ്പ് തലവൻമാർ കമ്മിറ്റിയിൽ മെമ്പർമാരാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.<br><br>ക്യാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | പെറ്റ് സ്കാൻ,സ്പെക്ട് സ്കാൻ, മാമോഗ്രാഫി മുതലായ അത്യാധുനിക സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ റേഡിയേഷൻ ചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.<br><br>എല്ലാ കാൻസറുകളും നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കാൻ സാധിക്കില്ലെങ്കിലും സമൂഹത്തിൽ കണ്ടുവരുന്ന സ്ത്രീകളിലെ പ്രധാനപ്പെട്ട ക്യാൻസറുകൾ പ്രത്യേകിച്ചും ഗർഭാശയഗളകാൻസർ, തൈറോയ്ഡ് ഗ്രന്ഥിയിലെ കാൻസർ, സ്തനാർബുദങ്ങളിൽ ഏറിയ പങ്കും നേരത്തെ കണ്ടുപിടിച്ച് ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗങ്ങളാണ്. രോഗം മാറുന്നതിന് പുറമേ അവരുടെ ജീവിത നിലവാരവും സാധാരണ നിലയിലേക്ക് മാറ്റുന്നതും ഇതിന്റെ പ്രതിഫലനം സമൂഹത്തിൽ കാണുവാനും സാധിക്കും. ഇതിനുപുറമെ പുരുഷന്മാരിൽ കാണുന്ന വായിലെ ക്യാൻസറുകളും നേരത്തെ കണ്ടുപിടിച്ചാൽ പൂർണ്ണമായും സുഖമാക്കാവുന്നതാണ്. എന്നാൽ ചികിത്സ തേടുന്നതിനുള്ള കാലതാമസം ചിലരിൽ ചികിത്സയുടെ പൂർണ്ണഫലം കിട്ടാതെ പോകുന്നത് ആശങ്കാജനകമാണ്.ഓരോ വർഷവും പുതിയതായി കണ്ടുവരുന്ന കാൻസർ രോഗികളുടെ മൂന്നിരട്ടിയോളം വ്യക്തികൾ കാൻസറിനെ മുൻ വർഷങ്ങളിൽ കണ്ടു (cancer prevalence) ചികിത്സിച്ച് രോഗം ഭേദമാക്കിയവരോ തുടർ പരിശോധനയിലിരിക്കുന്നവരോ അല്ലെങ്കിൽ തുടർ ചികിത്സയിലിരിക്കുന്നവരോ ആകാം. രോഗം ചികിത്സിച്ച് ഭേദമാക്കുന്നതിനും ജീവിത ഗുണനിലവാരം നിലനിർത്തുന്നതിനും ആധുനിക വൈദ്യശാസ്ത്രത്തിന് മഹത്തായ ഒരു പങ്കുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. |
| (സി) | രോഗമുക്തരുടെ സംഗമവും കലാ-കായിക മത്സര പരിപാടികളും സംഘടിപ്പിക്കുന്നതിനും വ്യത്യസ്ത മേഖലയിൽ കഴിവു തെളിയിച്ചവർക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ; | (സി) | കാൻസർ രോഗം ബാധിച്ചവർ തന്നെ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന കാൻസർ രോഗമുക്തരുടെ സദസ്സുകൾ കാൻസർ രോഗ പ്രതിരോധ പ്രചാരണങ്ങൾക്കായി ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. രോഗബാധിതരുടെ അനുഭവക്കുറിപ്പുകളും അവർ രോഗത്തെ അതിജീവിച്ച അനുഭവങ്ങളും പങ്കുവെക്കുന്നത് സാധാരണ ജനങ്ങൾക്കിടയിലും രോഗം സംശയിക്കുന്നവർക്കിടയിലും വലിയ ആത്മവിശ്വാസം നൽകുമെന്നുള്ളതിൽ സംശയമില്ല. രോഗമുക്തരുടെ കലാകായിക മത്സരങ്ങളും മറ്റു |

| | | | |
|---|---|---|---|
| | | | വിനോദ ഉപാധികളും രോഗമുക്തരുടെ ഇടയിൽ തന്നെ ആശ്വാസവും ആത്മവിശ്വാസവും പകരുന്നതാണ്. രോഗമുക്തരായ ആൾക്കാരെ കാൻസർ രോഗപ്രചരണത്തിന്റെ അംബാസിഡർമാരാക്കിക്കൊണ്ട് വിവിധ തലങ്ങളിൽ പ്രചരണ പരിപാടികൾ നടത്താറുണ്ട്. അതുപോലെ കലാകായിക ശാസ്ത്രസാങ്കേതിക രംഗത്ത് കഴിവ് തെളിയിച്ച കാൻസർ മുക്തർക്ക് പുരസ്കാരങ്ങൾ നൽകുന്നതും കാൻസർ മുക്തർക്കിടയിൽ വലിയൊരു അളവ് വരെ ആശ്വാസം പകരുന്നതാണ്. |
| (ഡി) | രോഗമുക്തർക്ക് മത്രമല്ല, രോഗികൾക്കും കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആത്മ വിശ്വാസം പകരുന്നതിനും ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനുമായി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | രോഗമുക്തർക്ക് മാത്രമല്ല രോഗികൾക്കും കുടുംബാംഗങ്ങൾക്കും രോഗികളെ പരിചരിക്കുന്നവർക്കും പ്രോത്സാഹനവും പിന്തുണയും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. കാൻസർ രോഗികളോടൊപ്പം ജീവിതം കഴിച്ചുകൂട്ടുന്ന എല്ലാ ജനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ